LIBRARY ARCHIVES Kerala Legislative Assembly

റോഡുകളുടെ ശോചനീയാവസ്ഥ

109 (2089) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകൾ കൂടുതലും സഞ്ചാരയോഗ്യമല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം റോഡുകളിലൂടെ യാത്ര ചെയ്യുന്ന ടൂ വീലർ യാത്രക്കാർ നേരിടുന്ന അപകടങ്ങളുടെ നിരക്ക് ക്രമാതീതമായി വർദ്ധിച്ചു വരികയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ ശ്രദ്ധിക്കുമോ ;

(ഡി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം റോഡുകളോട് ചേർന്നുള്ള ഓടകളിൽ വീണ് ആരെങ്കിലും മരണമടഞ്ഞിട്ടുണ്ടോ ; എങ്കിൽ എത്ര പേർ ;

(ഇ) ഇപ്രകാരം ഓടകളിൽ വീണ് മരണം സംഭവിക്കാനുള്ള കാരണം എന്ത് ;

(എഫ്) ഓടകൾക്ക് മുകളിൽ സ്ലാബ് ഇടുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പ് വക റോഡുകൾ ഭൂരിഭാഗവും സഞ്ചാരയോഗ്യമാണ്. റോഡപകടങ്ങളിൽ 95 ശതമാനവും റോഡിന്റെ മോശപ്പെട്ട അവസ്ഥ കാരണമല്ല ഉണ്ടാകുന്നതെന്നാണ് അടുത്ത കാലങ്ങളിൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത്. ഡ്രൈവർമാരുടെ അശ്രദ്ധ, അമിത വേഗത, വാഹനങ്ങളുടെ തകരാറുകൾ എന്നിവയാണ് റോഡപകടങ്ങളുണ്ടാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന ഘടകങ്ങൾ.

(സി) കേടുപാടുകൾ വന്ന റോഡുകളിലെ കുണ്ടും കുഴിയും 95 ശതമാനവും കഴിഞ്ഞ ഡിസംബർ മാസത്തോടു കൂടിതന്നെ അടച്ച് റോഡുകൾ ഗതാഗത യോഗ്യമാക്കിത്തീർത്തിട്ടുണ്ട്.

(ഡി&ഇ) കോഴിക്കോട് മാവൂർ റോഡിൽ അരയിടത്ത് പാലത്തിന് സമീപം ഓടയിൽ ഒരാളുടെ മൃതദേഹം കാണപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരണകാരണം എന്താണെന്ന് ഈ വകുപ്പിന് അറിയില്ല.

(എഫ്) പൊതുമരാമത്ത് വക റോഡുകളോട് ചേർന്നുള്ള ഓടകൾക്ക് മുകളിൽ സ്ലാബ് ഇടുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുമരാമത്ത് റോഡ്സ് വിഭാഗം ചീഫ് എൻജിനീയറുടെ ബഡ്ജറ്റ്

110 (2090) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത് റോഡ് വിഭാഗത്തിന് റോഡ്സ് ഹെഡ്ഡിൽ എത്ര തുക വകയിരുത്തിയിരുന്നു ;

(ബി) ഇതിൽ ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ചെലവഴിച്ച തുകയുടെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) മന്ത്രിയുടെ ഉത്തരവിൻ പ്രകാരം ഈ ഹെഡ്ഡിൽ നിന്നും എത്ര തുക ചെലവഴിച്ചു ;

(ഇ) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ 181.18 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 190.09 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

(ബി) 31-1-2000 വരെ പദ്ധതിയിനത്തിൽ 117.88 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 117.02 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ പ്രായോഗികം അല്ലാത്തതിനാൽ സൂക്ഷിക്കപ്പെടുന്നില്ല.

(ഡി) തുക ചെലവഴിക്കുന്നതിന് മന്ത്രിയുടെ പക്കൽ നിന്ന് ഉത്തരവ് ലഭിക്കാറില്ല.

(ഇ) ഉത്തരം (ഡി)യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

റോഡ്/ബിൽഡിംഗ്സ്/പാലം/എന്നീ ഹെഡുകളിൽ 1996 വർഷം മുതൽ ചെലവാക്കിയ തുക

111 (2091) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 സാമ്പത്തിക വർഷം മുതൽ 1999-2000 ജനുവരി 31 വരെ ഹരിപ്പാട് പി.ഡബ്ലിയു.ഡി സെക്ഷന്റെ കീഴിൽ എത്ര വർക്കുകൾ നടന്നിട്ടുണ്ടെന്നും അവ റോഡ്/ബിൽഡിംഗ്സ്/ബ്രിഡ്ജ് എന്ന ഇനത്തിൽ എതെല്ലാമാണെന്നും അവ ഓരോന്നിനും എന്തു തുക ചെലവായി എന്നും വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത സെക്ഷന്റെ കീഴിൽ ഭരണാനുമതിക്കും ടെക്നിക്കൽ അനുമതിക്കും വേണ്ടി എത്ര വർക്കുകൾ പെന്റിംഗ് ഉണ്ടെന്നും അവ എതെല്ലാമാണെന്നും എന്തുതുകയാണ് ഓരോന്നിനും കണക്കാക്കിയിട്ടുള്ളത് എന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly